മുനിസിപ്പൽ ബിൽഡിംഗ് റൂംസ് ബാധകമായ പഞ്ചായത്തുകൾ

375 [408] ശ്രീ. പി. ജെ. തങ്കപ്പൻ:
,, സി. ടി. അഹമ്മദ് അലി:
,, പി. എം. അബൂബക്കർ:
,, കെ. പി. എ. മജീദ്;
,, പി. സീതിഹാജി;
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ ബിൽഡിംഗ് റൂംസ് ബാധകമായ പഞ്ചായത്തുകൾ സംസ്ഥാനത്ത് ഉണ്ടോ:

(ബി) ഉണ്ടെങ്കിൽ എത്ര പഞ്ചായത്തുകൾ പ്രസ്തുത റൂംസ് നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇവയുടെ ഗ്രേഡ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) ഇത് നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 165 പഞ്ചായത്തുകൾ

(സി) സ്പെഷ്യൽ ഗ്രേഡ് 107
ഫസ്റ്റ് ഗ്രേഡ്, 37
സെക്കൻറ് ഗ്രേഡ് 21

(ഡി) പഞ്ചായത്ത് പ്രദേശത്തിന്റെ നാഗരികത, ജനസംഖ്യ, മുനിസിപ്പൽ പ്രദേശത്തോടും വികസന അതോറിറ്റികളോടുമുള്ള സാമീപ്യം, പൊതുനിരത്തുകളുടെ സഞ്ചാരയോഗ്യത, ആസൂത്രിത പട്ടണവികസനത്തിന് തടസ്സമുണ്ടാക്കുന്ന എടുപ്പുകളുടെയും ചാർത്തുകളുടെയും നിർമ്മാണം നിയന്ത്രിക്കൽ എന്നീ കാര്യങ്ങളാണ് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

ദേവസ്വം ബോർഡുകളിലെ നിയമനം

376 [409] ശ്രീ എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വംബോർഡ്, കൊച്ചി ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം എന്നിവിടങ്ങളിലെ നിയമനം ഇപ്പോൾ ഏതു രീതിയിലാണ് നടത്തുന്നത്;

(ബി) ഇവയിലെ നിയമനം പി. എസ്. സി. ക്ക് വിടാതിരിക്കാനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എഴുത്തുപരീക്ഷയും കൂടിക്കാഴ്ചയും നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ ദേവസ്വം ബോർഡുകളാണ് നേരിട്ട് നിയമനം നടത്തുകയാണ് ഇപ്പോഴത്തെ പതിവ്. ഗുരുവായൂർ ദേവസ്വത്തിനെ സംബന്ധിച്ച് ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിയാണ് നിയമനം നടത്തുന്നത്.

(ബി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലേയ്ക്കുള്ള നിയമനം നടത്തേണ്ടത് ട്രാവൻകൂർ–കൊച്ചിൻ ഹിന്ദു റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് 1950–ലെ വ്യവസ്ഥകൾക്കനുസൃതമായാണ്. പ്രസ്തുത വ്യവസ്ഥകളനുസരിച്ച് നിയമനങ്ങൾ നടത്താനുള്ള അധികാരം അതാത് ദേവസ്വം ബോർഡുകളിൽ നിക്ഷിപ്തമാണ്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നിയമനങ്ങളൊന്നും പി.എസ്.സി.ക്ക് വിടുവാൻ നിർവാഹമില്ല.

ഗുരുവായൂർ ദേവസ്വത്തിനെ സംബന്ധിച്ചിടത്തോളം, ദേവസ്വത്തിലെ എല്ലാ നിയമനങ്ങളും നടത്തേണ്ടത് 1978–ലെ ഗുരുവായൂർ ദേവസ്വം ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായാണ്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം എല്ലാ നിയമനങ്ങളും നടത്തുവാനുള്ള അധികാരം ദേവസ്വം മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. അതു കൊണ്ട് പ്രസ്തുത നിയമനങ്ങൾ പി. എസ്. സി. ക്ക് വിടുവാൻ നിർവ്വാഹമില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. അടിയന്തിര പ്രമേയം

കശുവണ്ടി വ്യവസായരംഗത്തെ പ്രതിസന്ധി

9.30 A. M.] മി. സ്പീക്കർ: കശുവണ്ടി വ്യവസായമേഖലയിൽ ഫാക്ടറികൾ സ്ഥിരമായി പൂട്ടിയിടുന്നതുമൂലവും തോട്ടണ്ടി ക്ഷാമം മൂലവും ഒന്നര ലക്ഷത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതിന്റെ ഫലമായി കശുവണ്ടി വ്യവസായ രംഗത്ത് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി കെ. ആർ. ഗൗരി, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ, ശ്രീ. സി. കെ. തങ്കപ്പൻ, ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയതനുസരിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ് ഗുരുതരമായ സ്ഥിതിവിശേഷം ഈ രംഗത്തില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. നോട്ടീസിൽ പറയുന്നത്, 70 ഫാക്ടറികൾ അടഞ്ഞു കിടക്കുന്നു എന്നാണ്. എന്നാൽ പഴയ കോട്ടാ ഫാക്ടറികളിൽ, ഇപ്പോൾ ഗവൺമെന്റിന് ലഭിച്ച കണക്കനുസരിച്ച് ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly